ച്ചർച്ച ചെയ്തത് ഇങ്ങനെ നീട്ടിക്കൊണ്ടു പോകുന്നതിന്റെ പശ്ചാത്തലത്തിൽ അവിടെ ചില പ്രക്ഷോഭവും സമരവും ആരംഭിച്ചിട്ടുണ്ട്. അതിനെ തുടർന്ന് 14 തൊഴിലാളികളെ കൺസിലിയേഷൻ നടക്കുന്നതിനിടയിൽ തന്നെ പിരിച്ചു വിടുകയും കമ്പനി ലോക്കൗട്ട് ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. ലേബർ ഡിപ്പാർട്ട്മെന്റ് ഇത് സംബന്ധിച്ച് കൺസിലിയേഷന് വിളിച്ച കോൺഫറൻസിൽ ഈ തൊഴിലാളികളെ തിരിച്ചെടുത്തുകൊണ്ട് കമ്പനി പ്രവർത്തന സജ്ജമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എങ്കിലും മനഃപൂർവ്വമായി മാനേജ്മെന്റ് ഈ തൊഴിലാളികളെ കഷ്ടപ്പെടുത്തുവാൻ വേണ്ടി ലോക്കൗട്ട് നീട്ടിക്കൊണ്ടുപോകുകയാണ്. അവരുടെ കഷ്ടപ്പാട് പരിഹരിക്കാൻ പ്രത്യേകിച്ച് ബന്ധപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ താൽപ്പര്യമെടുത്ത് കമ്പനി തുറപ്പിക്കാൻ വേണ്ട നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ബോണസ് തർക്കം ഉണ്ടാവുകയും ബോണസ് തർക്കത്തിന്റെ ഒരു പരിതഃസ്ഥിതിയിൽ അവർ ടൂൾഡൗൺ സമരം ആരംഭിക്കുകയും അതിനെതുടർന്ന് മാനേജ്മെന്റ് റിട്രെഞ്ച്മെന്റ് നടത്തി അവസാനം അത് ലേഓഫിലാകുകയുമാണുണ്ടായത്. അത് വിത്ത്ഡ്രാ ചെയ്തപ്പോൾ തള്ളിക്കയറ്റമുണ്ടായി. ഇങ്ങനെയാണ് പ്രശ്നങ്ങൾ ഉണ്ടായത്. ഈ സന്ദർഭത്തിൽ ലേബർ ഡിപ്പാർട്ടുമെന്റ് ശക്തിയായി ഇടപെട്ടിട്ടുണ്ട്. ഉടൻതന്നെ ഹൈലവൽ കോൺഫറൻസ് വിളിച്ചുകൂട്ടി പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

(11) ഫുട്പാത്തുകളിലെ കച്ചവടക്കാരെ പുനരധിവസിപ്പിക്കൽ

ശ്രീ. രാഘവൻ പൊഴക്കടവിൽ : സർ, തൃശ്ശൂർ മുനിസിപ്പാലിറ്റിയുടെ ഫുഡ്പാത്തുകളിൽ കഴിഞ്ഞ അനവധി വർഷങ്ങളായി ചെറിയ കച്ചവടങ്ങൾ നടത്തി ഉപജീവനം കഴിക്കുന്ന കച്ചവടക്കാർക്ക് 28-8-1984-ലെ സുപ്രീംകോടതിയുടെ നിർദ്ദേശം അനുസരിച്ച് മുനിസിപ്പാലിറ്റി നിർമ്മിച്ച ബെൽമൊത്ത് ഷോപ്പിംഗ് കോംപ്ലക്സിലും ജയ്ഹിന്ദ് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലും നിലവിലുണ്ടായിരുന്ന കച്ചവടക്കാർക്ക് കൊടുത്തത് കഴിച്ച് ബാക്കിയുള്ള മുറികൾ മാർക്കറ്റ് റേറ്റിൽ കൊടുക്കണമെന്നും ബാക്കിവരുന്നവർക്ക് ശക്തൻ നമ്പുരാൻ മാർക്കറ്റിൽ ആവശ്യമായ സൗകര്യങ്ങളോടുകൂടി ചെറിയ ഷോപ്പിംഗ് കോംപ്ലക്സ് പണിതു കൊടുക്കണമെന്നുമുള്ള നിർദ്ദേശത്തിനു കടക വിരുദ്ധമായി മുനിസിപ്പാലിറ്റി മേൽപ്പറഞ്ഞ രണ്ടു കെട്ടിടങ്ങളിലേയും 111 മുറികൾ ടെണ്ടർ വിളിച്ച് വാടകയ്ക്ക് കൊടുക്കുന്നതിന് പരസ്യം ചെയ്തു. അത് സുപ്രീംകോടതിയുടെ നിർദ്ദേശത്തിനെതിരാണെന്ന് പറഞ്ഞ് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ഫുട്പാത്തിൽ കച്ചവടം നടത്തിയിരുന്നവരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് 1972-ൽ അന്നത്തെ ലോക്കൽ ബോഡീസ് മന്ത്രിയായിരുന്ന ശ്രീ. നഫാസാഹിബ് കോൺഫറൻസ് വിളീച്ചുകൂട്ടി ചില നിർദ്ദേശങ്ങൾ പുനരധിവാസത്തിനു വേണ്ടി നൽകിയിരുന്നു. 1983-ൽ ഇന്നത്തെ മുഖ്യമന്ത്രിയും ലോക്കൽ ബോഡീസ് മന്ത്രിയും വീണ്ടും ഒരു കോൺഫറൻസ് വിളിച്ചുകൂട്ടുകയും ഫുട്പാത്തിൽ കച്ചവടം ചെയ്യുന്നവർക്ക് ഒരു ബദൽ സംവിധാനം ഉണ്ടാക്കണമെന്നും നിർദ്ദേശം നൽകുകയുണ്ടായിട്ടുണ്ട്. മുനിസിപ്പാലിറ്റി ഫോട്ടോ പതിച്ച് ലൈസൻസ് നൽകിയിട്ടുള്ളത് 192 കച്ചവടക്കാർക്കാണ്. അതുകൂടാതെ 150 പുതിയ കച്ചവടക്കാരും അവിടെ ഉണ്ടായിരുന്നു. അവർക്ക് ടെണ്ടർ വിളിച്ചിട്ടുള്ള രണ്ട് കെട്ടിടങ്ങളിലേയും മുറികൾ മാർക്കറ്റ് റേറ്റിൽ നെഗോഷിയേറ്റ് ചെയ്തു കൊടുക്കുവാനും ബാക്കിയുള്ളവർക്ക് ശക്തൻതമ്പുരാൻ മാർക്കറ്റിൽ ചെറുകിട ഷോപ്പിംഗ് കോംപ്ലക്സ് ഉടനടി പണിതീർത്ത് പുനരധിവസിപ്പിക്കുവാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

സുപ്രീംകോടതിയുടെ നിർദ്ദേശങ്ങളെ മാനിക്കാതെ പാവപ്പെട്ട ഫുട്പാത്തു കച്ചവടക്കാരുടെ നേരെ മുനിസിപ്പൽ അധികൃതരുടെയും പോലീസുക്കാരുടെയും ക്രൂരമായ നടപടികളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അത് വിവരിക്കുവാൻ പ്രയാസവുമാണ്. ഇത്തരം ഗുരുതരമായ സ്ഥിതിവിശേഷത്തിന് അറുതി വരുത്താനും സുപ്രീംകോടതിയുടെ നിർദ്ദേശം നടപ്പിൽ വരുത്താനും വേണ്ട സത്വരനടപടി എടുക്കുവാൻ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നു. സുപ്രീംകോടതി വിധിയുടെ പകർപ്പ് ഹാജരാക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം): സർ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യത്തിൽ യാതൊരു 'ഗുരുതരവും' ഇല്ല. ഫുഡ്പാത്തിൽ കച്ചവടം നടത്തുന്നതുകൊണ്ട് ജനങ്ങൾക്ക് നടക്കാൻ പറ്റാത്ത സാഹചര്യമുണ്ട്. ബഹുമാനപ്പെട്ട അവുക്കാദർക്കുട്ടി നഹ വളരെയധികം ശ്രമിച്ചിട്ടും അത് തീർക്കുവാൻ സാധിച്ചില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവരെ വിളിച്ച് കൂട്ടിയിട്ട് അനുരഞ്ജനത്തിൽ എത്തിയില്ല. അവർ ഹൈക്കോടതിയിൽ പോയി. അപ്പോഴും അവർക്ക് അനുകൂലമായ തീരുമാനമുണ്ടായില്ല. പിന്നെ അവർ സുപ്രീംകോടതിയിൽ പോയി; തീരുമാനമുണ്ടായി. സുപ്രീം കോടതിയുടെ തീരുമാനം ഇപ്രകാരമാണ്. We are informed that two Buildings are under construction for Belmouth Shopping Centre and Jaihind Market Complex at the instance of the Trichur Municipality, we hope that if, after providing accommodation to the displaced persons of that locality, any rooms are available in those two constructions, those would be offered to the petitioners or such of them as could be accommodated in such rooms at the current market rental. As regards those who may not be accommodated in those two buildings, the Municipality will offer them accommodation in Sakthan Thamurban Market and the Municipality will make that accommodation usable by providing necessary facilities. It is clarified that the eviction of the petitioners from the footpath is not dependant upon providing accommodation to them as indicated above. ഈ ജഡ്ജ്മെൻറിൽ പറഞ്ഞ കാര്യങ്ങൾ ഇപ്പോൾ നടത്തികൊണ്ടിരിക്കുകയാണ്.

(12) പടിഞ്ഞാറെക്കല്ലടയിലെ കൃഷിനാശം

ശ്രീ. സി. കെ. തങ്കപ്പൻ: സർ, അഷ്ടമുടി കായലിനോട് അടുത്തുകിടക്കുന്ന സ്ഥലമാണ് പടിഞ്ഞാറേക്കല്ലട പഞ്ചായത്ത്. കഴിഞ്ഞ അഞ്ചുമാസമായി ഉപ്പുവെള്ളം കയറി 18,000 പറ നിലം വെള്ളത്തിനടിയിലായിട്ടുണ്ട്. അയ്യായിരത്തോളം കൃഷിക്കാർക്ക് കൃഷിയിറക്കാൻ പറ്റാത്ത സാഹചര്യമാണ് അവിടെ ഉള്ളത്. അവിടെ പ്രധാനപ്പെട്ട മൂന്ന് കല്ലുകുണ്ട്. വെട്ടിയറോഡ്, വളഞ്ഞവരമ്പ്, മുക്കേനിക്കര. ഇറിഗേഷൻ ഡിപ്പാർട്ട്മെൻറ് എല്ലാ വർഷവും തുലാം മാസം അവസാനത്തെ ആഴ്ചയിൽ സുരക്ഷിതമായി ബണ്ട്കെട്ടി ഉപ്പു വെള്ളം തടയുന്ന ഒരു ഏർപ്പാടുണ്ട്. ഇപ്പോൾ അഞ്ചുമാസമായി നിർബ്ബാധം ഉപ്പുവെള്ളം കയറുകയാണ്. കൃഷിയിറക്കാൻ കഴിയാതെ അയ്യായിരത്തോളം കൃഷിക്കാർ വലയുകയാണ്. കൊല്ലം ജില്ലയുടെ നെല്ലറയാണ് പടിഞ്ഞാറേക്കല്ലട. മന്ത്രി ഇത് നിഷേധിക്കരുത്; ഇതിനെപ്പറ്റി അന്വേഷിക്കണം. കൃഷിക്കാർക്ക് സഹായം എത്തിക്കുന്നതോടൊപ്പം പടിഞ്ഞാറേക്കല്ലടയിൽ ഉപ്പുവെള്ളം കയറുന്നത് തടയാനും നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly